പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 904 20-03-2013 ൽ മറുപടിക്ക്

വൈഗൈ ത്രഡ്സ് കമ്പനിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. ഡി. ദേവസ്സി എം. എൽ. എ | ശ്രീ. ഷിബു ബേബി ജോൺ (ബഹു തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ പാട്ടത്തിനു നൽകിയ സ്ഥലത്ത് പ്രവർത്തിക്കുന്ന കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ഫാക്ടറി അടച്ചു പൂട്ടുന്നതിന് മാനേജ്മെന്റ് നൽകിയ അപേക്ഷ സർക്കാർ നിരാകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ സ്ഥാപനം തുറന്നു പ്രവർത്തിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 25.02.2013-ാം തീയതിയിലും തൊഴിൽ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 01.03.2013-ാം തീയതിയിലും ചർച്ചകൾ നടന്നിരുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായുള്ള ശ്രമങ്ങൾ ഇപ്പോഴും നടന്നു വരുന്നു. |
| (ബി) തൊഴിലാളികളുടെ അനിശ്ചിതകാല നിരാഹാര സമരം അവസാനിപ്പിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | നിരാഹാര സമരം അവസാനിപ്പിക്കുന്നതിനും തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായുള്ള ശ്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ